**സർക്കാർ പോളിടെക്നിക് കോളേജ് കാസറഗോഡ്, പെരിയ,671320**

നമ്പർ:**GPCKSD/137/202** തീയ്യതി: **28/07/2025**

**അറിയിപ്പ്**

കാസറഗോഡ് സർക്കാർ പോളിടെക്നിക് കോളജ് പെരിയയിലെ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സുകളിലേക്ക് നിലവിലുള്ള ഒഴിവുകളിലേക്കും ബാക്കിയുള്ള ബ്രാഞ്ചുകളിലെ പ്രതീക്ഷിത ഒഴിവുകളിലേക്കുമുള്ള പ്രവേശനം വിദ്യാർത്ഥികൾ ഹാജരാകുന്ന സമയത്തിനു മുൻഗണന നൽകി **2025 ആഗസ്റ്റ് 14** വരെ നടത്തുന്നതാണ്. ലാറ്ററൽ എൻട്രി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരും നിലവിൽ പ്രവേശനം ലഭിച്ച ബ്രാഞ്ച് / സ്ഥാപനം മാറാൻ ആഗ്രഹമുള്ളവർക്കും പ്രവേശനത്തിനുള്ള അപേക്ഷ പുതുതായി സമർപ്പിച്ചവർക്കും അഡ്മിഷനിൽ പങ്കെടുക്കാം.

നിലവിലുള്ള ഒഴിവുകളുടെയും മറ്റും വിവരങ്ങൾ അറിയുന്നതിനായി **www.polyadmission.org** എന്ന വെബ്സൈറ്റിലെ **Lateral Entry** എന്ന ലിങ്ക് ഉപയോഗിക്കാവുന്നതാണ്.

പ്രവേശനത്തിന് വരുന്നവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിനൊപ്പം **SSLC** സർട്ടിഫിക്കറ്റ്, ടി.സി, സ്വഭാവ സർട്ടിഫിക്കറ്റ്. എന്നിവ ഹാജരാക്കണം. ജാതി സംവരണത്തിന് അർഹതയുള്ള **SC/ST** വിഭാഗക്കാർ തഹസിൽദാർ നൽകിയ ജാതി സർട്ടിഫിക്കറ്റും ജാതി സംവരണമുള്ള മറ്റു വിഭാഗക്കാർ **SSLC** ബുക്കിൽ ജാതി രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ ബന്ധപ്പെട്ട അധികാരി നൽകിയ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റും/നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് (ബാധകമാണെങ്കിൽ മാത്രം), സാമ്പത്തിക സംവരണത്തിനർഹമായ പൊതു വിഭാഗത്തിൽ പെട്ടവർ **EWS** സർട്ടിഫിക്കറ്റും കൊണ്ടുവരണം. ഒരു ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് ഫീസ് ഇളവ് ലഭിക്കും. അതിനായി ഒരു വർഷത്തിനകം ലഭ്യമായ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം. ടി.സി യും സ്വഭാവ സർട്ടിഫിക്കററും ലഭിക്കാത്തവർക്ക് അവ ഹാജരാക്കാൻ സമയം അനുവദിക്കും.

**SC/ST** വിഭാഗക്കാർ **1000/-** രൂപയും ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ളവർ **11000/-** രൂപയും മറ്റു വിഭാഗക്കാർ **14215/-** രൂപയും ഫീസായി കരുതണം. **UPI**/എ.ടി.എം കാർഡ് മുഖേനയാണ് ഫീസ് നൽകേണ്ടത്. കൂടാതെ പിടിഎ ഫണ്ടായി **3500/-**രൂപയും കയ്യിൽ കരുതണം. യോഗ്യത തെളിയിക്കുന്ന എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും അഡ്മിഷൻ സമയത്ത് ഹാജരാക്കണം. നിലവിൽ പ്രവേശനം ലഭിച്ചവർ ബ്രാഞ്ച് മാറ്റത്തിനോ സ്ഥാപന മാറ്റത്തിനോ പങ്കെടുക്കുന്നെങ്കിൽ ഫീസടച്ച രസീതിയും അഡ്മിഷൻ സ്ലിപ്പും ഹാജരാക്കണം.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടാവുന്ന നമ്പറുകൾ: **0467 2234020, 7561083597, 9446168969**

പ്രിൻസിപ്പാൾ

Signed by
Narayana Naik P
Date: 28-07-2025 16:58:30